"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

എ3/53112/14

KSHB Building,
ശാന്തി നഗർ, തിരുവനന്തപുരം-1,
തീയതി:18.02.2015.

## സർക്കുലർ

വിഷയം:- വ്യവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം - 2015 വർഷം - പൊതുസ്ഥലംമാറ്റം നൽകുന്നത് - സംബന്ധിച്ച്

വ്യാവസായിക പരിശീലന വകുപ്പിൻ കീഴിലുള്ള സ്ഥാപനങ്ങളിലെ മിനിസ്റ്റീരിയൽ ജീവനക്കാരിൽ നിന്നും പൊതുസ്ഥലമാറ്റത്തിനുള്ള അപേക്ഷകൾ ക്ഷണിയ്ക്കുന്നു. സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള നിശ്ചിത അപേക്ഷയിൽ അതാതു സ്ഥാപനമേധാവികൾക്ക് 10.03.2015-ന് മുമ്പായി സമർപ്പിയ്ക്കേണ്ടതാണ്. നിശ്ചിത തീയതിയ്ക്കുള്ളിൽ അതാത് ഓഫീസുകളിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ ഓഫീസ് മേധാവിയുടെ സാക്ഷ്യപ്പെടുത്തൽ സഹിതം 31.03.2015-ന് മുമ്പായി ട്രെയിനിംഗ് ഡയറക്ടറേറ്റിൽ ലഭിയ്ക്കത്തക്കവിധം അയച്ചുതരേണ്ടതാണ്. നിശ്ചിത തീയതിയ്ക്ക്ശേഷം ലഭിയ്ക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പൊതുസ്ഥലംമാറ്റത്തിന് പരിഗണിയ്ക്കുന്നതല്ല.

ജീവനക്കാരിൽ നിന്നും ലഭിയ്ക്കുന്ന അപേക്ഷകൾ സ്ഥാപന മേധാവികൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി മുഴുവൻ വിവരങ്ങളും ശരിയാണെന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ ഡയറക്ടറേറ്റിൽ അയച്ചുതരാൻ പാടുള്ളു. സ്ഥലംമാറ്റത്തിന് മുൻഗണന ആവശ്യപ്പെടുന്നവർ മുൻഗണന തെളിയിക്കാൻ ആവശ്യമായ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം നൽകേണ്ടതാണ്. സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിട്ടുള്ള സ്റ്റേഷൻ ജില്ലയായി പരിഗണിക്കുന്നതാണ്. പൊതുസ്ഥലംമാറ്റത്തിന് മ്യൂച്ചൽ ട്രാൻസ്ഫർ പരിഗണിക്കുന്നതല്ല.

സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കുകയും അതനുസരിച്ച് സ്ഥലംമാറ്റം അനുവദിയ്ക്കുകയും ചെയ്തശേഷം യാതൊരു കാരണവശാലും പ്രസ്തുത സ്ഥലംമാറ്റം റദ്ദ് ചെയ്യുന്നതല്ല. ഇതോടൊപ്പം നൽകിയിട്ടുള്ള പട്ടികയിൽ ജീവനക്കാരുടെ വിവരങ്ങൾ അതതു സ്ഥാപനമേധാവികൾ നൽകേണ്ടതാണ്.

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-

എല്ലാ സ്ഥാപന മേധാവികൾക്കും.
(വകുപ്പ് വെബ്സൈറ്റ് മുഖേന)

R/18/2/15

സ്ഥാപനത്തിന്റെ പേര്:
തസ്തിക

പൊതു സ്ഥലം മാറ്റത്തിന് ആധാരമായ വിശദവിവരങ്ങൾ രേഖപ്പെടുത്തി അയച്ചു തരേണ്ട മാതൃകാഫാറം

| ക്രമ നമ്പർ | PEN | നിലവിൽ ജോലി ചെയ്യുന്ന ജീവന ക്കാരന്റെ പേര് | തസ്തികകൾ അനുവദിച്ച സർക്കാർ ഉത്തര വിന്റെ നമ്പരും തീയതിയും | ജോലിയിൽ പ്രവേശിച്ച തീയതി | പെൻഷൻ പറ്റി പിരി യുന്ന തീയതി | ഇപ്പോഴത്തെ സ്ഥാപനിൽ സേവനം തുടങ്ങിയ തീയതി | ഇപ്പോഴത്തെ ജില്ലയിൽ സേവനം തുടങ്ങിയ തീയതി | ആകെ പുറം ജില്ലാ സേവനം വർഷം/മാസം /ദിവസം | പ്രത്യേക പരിഗണന ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ച വിവരങ്ങൾ (പട്ടികജാതി/പട്ടികവർഗ്ഗം/ വികലാംഗർ/ജവാന്റെ ആശ്രി തർ/മിശ്രവിവാഹിതർ/വിമുക്തഭ ടൻ/സ്വാതന്ത്ര സമര സേനാനി യുടെ മകൻ/മകൾ/ഭാര്യ/അംഗീ കൃത സംഘടനയുടെ സംസ്ഥാന ഹെഡ്ക്വാർട്ടേഴ്സിലെ പ്രസി ഡന്റ്/ജനറൽ സെക്രട്ടറി/ദെത്തെ ടുക്കപ്പെട്ടകുട്ടിയുടെ മാതാവ്/പിതാവ് | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | |

*പ്രത്യേക പരിഗണനയ്ക്കു വേണ്ടിയുള്ള സർട്ടിഫിക്കറ്റുകൾ മേലാധികാരി മേലൊപ്പ് ചാർത്തി സമർപ്പിക്കേണ്ടതാണ്.

ഏതെങ്കിലും തസ്തികയിൽ ഒഴിവുണ്ടെങ്കിൽ ആയത് തസ്തിക തിരിച്ച് രേഖപ്പെടുത്തേണ്ടതാണ്.

(മിനിസ്റ്റീരിയൽ വിഭാഗത്തിൽപ്പെട്ട മൊത്തം ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം 31.03.2015 ന് മുമ്പ് dtestablishment@gmail.com-ൽ ഇ-മെയിൽ ചെയ്ത് തരേണ്ടതാണ്)

ഓഫീസ് മേധാവിയുടെ ഒപ്പും തീയതിയും

R/13/2/15

# പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷ

| | | | |
|---|---|---|---|
| 1. | അപേക്ഷകന്റെ തസ്തികയുടെ പേര് | : | |
| 2. | അപേക്ഷകന്റെ പേരും ഔദ്യോഗിക മേൽവിലാസവും | : | |
| 3. | വിദ്യാഭ്യാസ യോഗ്യത | : | |
| 4. | അപേക്ഷകന്റെ സ്വന്തം സ്ഥലവും ജില്ലയും | : | |
| 5. | സ്ഥലം മാറ്റം ആവശ്യപ്പെടുന്ന സ്ഥലവും ജില്ലയും | : | |
| 6. | നിലവിൽ സേവനം അനുഷ്ടിക്കുന്ന സ്ഥാപനത്തിൽ സേവനം തുടങ്ങുന്ന ദിവസം (അപേക്ഷ പ്രകാരമാണോ ടി സ്ഥാപനത്തിലെത്തിയത് എന്നു രേഖപ്പെടുത്തേണ്ടതാണ്. അനോമലി പ്രകാരം തിരികെ പഴയ സ്ഥലത്ത് വന്നതാണെങ്കിൽ അതിനു മുമ്പ് സേവനം തുടങ്ങിയ തീയതി രേഖപ്പെടുത്തുക) | : | |
| 7. | അപേക്ഷകന്റെ ആകെ സേവന ദൈർഘ്യം | : | |
| | എ) സ്ഥലം മാറ്റത്തിന് ആവശ്യപ്പെട്ട സ്ഥലത്ത്/ജില്ലയിലെ മുൻകാല സേവന ദൈർഘ്യം. | : | |
| | ബി) പുറം ജില്ലയിലെ സേവനത്തെ സംബന്ധിച്ച് (ആകെ സേവന കാലത്തിനുളളിൽ) | : | |
| 8. | അപേക്ഷകന് താഴെ സൂചിപ്പിക്കുന്ന ആനുകൂല്യത്തിന് അർഹതയുണ്ടോ? | : | |
| | എ) ട്രൈബൽ ഏരിയയിൽ ജോലി ചെയ്തിട്ടുണ്ടോ? | : | |
| | ബി) ദുർഘടപ്രദേശത്ത് ജോലി ചെയ്തിട്ടുണ്ടോ? | : | |
| | സി) പട്ടാള സേവനം അനുഷ്ടിച്ചിട്ടുണ്ടോ? എങ്കിൽ എത്രവർഷം? (മേൽ സൂചിപ്പിച്ച കാര്യങ്ങളിൽ അർഹതയുണ്ടെങ്കിൽ വിശദമായി രേഖപ്പെടുത്തേണ്ടതാണ്) | : | |
| 9. | അപേക്ഷകൻ താഴെ പറയുന്ന പ്രത്യേക വിഭാഗത്തിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥനാണെങ്കിൽ വിവരങ്ങൾ വിശദമായി രേഖപ്പെടുത്തുന്നതോടൊപ്പം അനുബന്ധ തെളിവുകളും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. | : | |
| | എ) വികലാംഗൻ | : | |

മറുപുറം

| | | | |
|---|---|---|---|
| | ബി) പട്ടികജാതി/പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുന്ന ആൾ (പട്ടികജാതി/പട്ടിക വർഗ്ഗത്തിന്റെ പേരുരേഖപ്പെടുത്തേണ്ടതാണ്) | : | |
| | സി) മിശ്രവിവാഹിതൻ/വിവാഹിത | : | |
| | ഡി) ഭാര്യ/ഭർത്താവ് സർക്കാർ ജീവനക്കാർ | : | |
| | ഇ) ജവാന്റെ ആശ്രിതൻ | : | |
| | എഫ്) 2 വർഷത്തിനുളളിൽ പെൻഷൻപറ്റി പിരിയുകയാണെങ്കിൽ തീയതിയും വർഷയും. | : | |
| | ജി) സ്വാതന്ത്ര്യ സമര സേനാനിയുടെ ഭാര്യ/മക്കൾ | : | |
| | എച്ച്) ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ മാതാപിതാക്കൾ. | : | |
| | ഐ) അംഗീകൃത സംഘടനയുടെ സംസ്ഥാന ഹെഡ്ക്വാർട്ടേഴ്സിലെ പ്രസിഡന്റ്/ജനറൽ സെക്രട്ടറി | : | |
| | ജെ) വിധവ | : | |
| 10 | അപേക്ഷ സമർപ്പിച്ച തീയതി | : | |

മേൽ രേഖപ്പെടുത്തിയിട്ടുളള വിവരങ്ങൾ പൂർണ്ണമായും ശരിയാണെന്നു ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

അപേക്ഷകന്റെ/അപേക്ഷകയുടെ ഒപ്പ്.

അപേക്ഷയിൽ രേഖപ്പെടുത്തിയ വിവരങ്ങൾ ടി ഉദ്യോഗസ്ഥന്റെ സർവ്വീസ് പുസ്തകത്തിലെ രേഖകളുമായി ഒത്തു നോക്കിയതിൽ പൂർണ്ണമായും ശരിയാണെന്നു കാണുന്നു.

ആഫീസ് മേലധികാരി/പ്രിൻസിപ്പാൾ.

10. അപേക്ഷ ഈ ഓഫീസിൽ ലഭിച്ച തീയതി